

18 വയസ്സിന് താഴെ
പ്രായമുള്ള ഏതൊരാളും
**കുട്ടിയാണ്**

## എന്താണ് ബാലാവകാശങ്ങൾ ?

**അതിജീവനത്തിനുള്ള അവകാശം**

ജീവിക്കുവാൻ, ആരോഗ്യം, പോഷണം, പൗരത്വം, ദേശീയത

**വികാസത്തിനുള്ള അവകാശം**

വിദ്യാഭ്യാസം, പരിചരണം, വിനോദം, വിശ്രമം, സംസ്കാരം

**സംരക്ഷണത്തിനുള്ള അവകാശം**

ചൂഷണം, അതിക്രമം, മനപ്പൂർവ്വമായ ഉപേക്ഷ

**പങ്കാളിത്തത്തിനുള്ള അവകാശം**

അഭിപ്രായം, അറിവ്, ചിന്ത, മതം

## എന്താണ് ശരണബാല്യം ?

വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതി മുഖേന ബാലവേല - ബാല ഭിക്ഷാടനം - ബാലചൂഷണം - തെരുവു ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം.

## ശരണബാല്യം പദ്ധതി ആർക്കുവേണ്ടി ?

- ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ
- തെരുവിൽ അലയുന്നതും ഭിക്ഷ യാചിക്കുന്നതുമായ കുട്ടികൾ.
- കുട്ടിക്കടത്തിനു വിധേയരാകുന്ന കുട്ടികൾ.
- മതിയായ കാരണമില്ലാതെ സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികൾ





**ജില്ലാ ശിശുസംരക്ഷണ യുണിറ്റ് (ഡി. സി. പി. യു)**

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ തല പ്രവർത്തന സംവിധാനമായ ജില്ലാ ശിശു സംരക്ഷണ യുണിറ്റ് മുഖേനയാണ് ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നത്.

**ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി. ഡബ്ല്യു. സി)**

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ സംരക്ഷണം-പുനരധിവാസം എന്നിവ ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായുള്ള ബാലനീതി നിയമ സംവിധാനമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി

**ചൈൽഡ് റെസ്ക്യു ഓഫീസർ**

പ്രയാസകരമായ സാഹചര്യത്തിലുള്ള എതൊരു കുട്ടിയെയും സംബന്ധിച്ച് വിവരം ലഭിച്ചാൽ പോലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ബന്ധപ്പെട്ട മറ്റു വകുപ്പുകൾ എന്നിവയുടെ സഹായത്തോടെ ടി കുട്ടിയെ തുടർ സംരക്ഷണത്തിനായി അടിയന്തിരമായി നടപടി സ്വീകരിക്കുക എന്നതാണ് ചൈൽഡ് റെസ്ക്യു ഓഫീസറുടെ പ്രധാന ചുമതല ചൈൽഡ് റെസ്ക്യു ഓഫീസറുടെ സേവനം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ലഭ്യമാണ്.

**ചിൽഡ്രൻസ് ഹോം**

ബാല നീതി നിയമം നിർവചിച്ചിട്ടുള്ള ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് ചിൽഡ്രൻസ് ഹോം.